## 9

പാട്ടു പാടി സ്തുതിക്കാം നമുക്ക് യേശുരാജനെ
പുത്തൻ പാട്ടുപാടി സ്തുതിക്കാം നമുക്ക് യേശുനാഥനെ
സ്തുതികളിൽ വസിക്കും സ്തുതിക്കു യോഗ്യനാം
യേശുകർത്തനെ
സ്തുതിഗീതം പാടി ആടി നമുക്ക് ആരാധിക്കാം

ആരാധിക്കാം ആരാധിക്കാം ഹല്ലേലൂയ്യാ ഗീതം പാടി
ആത്മാവിലും സത്യത്തിലും ആരാധിക്കാം
ഹല്ലേലൂയ്യാ.............ഹാല്ലേലൂയ്യാ

പാപകൂപത്തിൽ കിടന്ന നമ്മെ വീണ്ടെടുക്കുവാൻ
ശാപമാം മരക്കുരിശവൻ സ്വയമേറ്റെടുത്തതാൽ } 2
സ്നേഹദീപമേശുവിന്റെ സ്നേഹമോർത്തു നാം
നന്ദിയോടെ നല്ലവനെ ആരാധിച്ചീടാം
ആരാധിക്കാം

ഒരമ്മ തന്റെ കുഞ്ഞിനെ പരിപാലിക്കുന്നപോൽ
ആശ്രയം തന്നേശു നാഥൻ കാത്തിടുന്നതാൽ } 2
ആശ്വാസത്തിൻ നായകനാം യേശുമഹോന്നതനെ
ആനന്ദത്താൽ ആർത്തു പാടി ആരാധിച്ചീടാം
ആരാധിക്കാം......
പാട്ടുപാടി........
ആരാധിക്കാം........2

## 10

എൻ മനമെ യഹോവയെ വാഴ്ത്തീടുകാ
എൻ സർവ്വാന്തരംഗവുമെ വാഴ്ത്തീടുകാ } 2
നന്ദിയോടെ അവന്റെ നാമം വാഴ്ത്തീടുകാ
അനുദിനവും അവനെ പാടി സ്തുതിച്ചീടുകാ } 2
എൻ മനമെ.....1
പാപത്താലും രോഗത്താലും ഞാൻ വലഞ്ഞപ്പോൾ
ആശയെല്ലാം അറ്റുപോയ മരുപ്രയാണത്തിൽ } 2
പാപം നീക്കി ശാപം നീക്കി ശാന്തി തന്നതാൽ
എന്റെ അന്തരംഗവുമെ സ്തുതിച്ചീടുകാ } 2
എൻ മനമെ....1
സ്വർഗ്ഗമഹിമ വിട്ടു നാഥൻ പാരിതിൽ വന്നു
സ്വന്തജീവൻ ക്രൂശിൽ തന്നു വീണ്ടെടുത്തവൻ } 2
മോക്ഷമാർഗ്ഗം തുറന്നു തന്ന സ്നേഹമോർക്കുമ്പോൾ
എന്റെ അന്തരംഗവുമെ സ്തുതിച്ചീടുകാ } 2
എൻ മനമെ....1
എന്നും കൂടെയുണ്ടെന്നുള്ള വാക്കു തന്നവൻ
എല്ലാനാളും മാറിടാത്ത യേശുനായകൻ } 2
എന്നുമെന്നും തന്റെ നാമം വാഴ്ത്തിപ്പാടിടാം
എന്റെ അന്തരംഗവുമെ സ്തുതിച്ചീടുകാ } 2
എൻ മനമെ........2
നന്ദിയോടെ.......2
എൻ മനമെ........1

## 11

സുവിശേഷ കാഹളങ്ങൾ മീട്ടീടാം
സുവിശേഷമോതീടാം
ഭൂലോകസീമയോളം പോയീടാം
യേശുവിൻ സാക്ഷിയായിടാം.

ഒന്നുചേർന്നീടൂ വന്നുകൂടിടൂ
സുവാർത്താ ദൂതു ചൊല്ലാൻ വന്നുചേർന്നിടൂ } 2
സുവിശേഷ...

കൊയ്തീടാൻ നിലം വിളഞ്ഞല്ലോ
കൊയ്തീടുന്നവർ കുറഞ്ഞല്ലോ } 2
കൊയ്ത്തിൻ നാഥനോടു ചേർന്നീടാം
കൊയ്ത്തിന്റെ വേല തികയ്ക്കാം } 2
ഒന്നുചേർന്നീടു....2
സുവിശേഷ...

ഗോത്രം ഗോത്രമായ് നേടീടാം
വംശം വംശമായ് നേടീടാം } 2
നേടാം ജാതികളെ ഭാഷകളെ
നാഥന്നു കാഴ്ചയർപ്പിക്കാം } 2
ഒന്നുചേർന്നീടു...2
സുവിശേഷ...
ഒന്നുചേർന്നീടു...2
സുവിശേഷ...

## 12

വാഴ്ത്തിടും ഞാൻ വണങ്ങിടും ഞാൻ
അനുഗ്രഹങ്ങൾ തരും യേശുവിനെ
ആരാധിക്കും ഞാൻ സ്തുതിച്ചിടും ഞാൻ
ആരാധനക്കു യോഗ്യൻ യേശുവിനെ } 2

എൻ മനമെ യഹോവയെ സ്തുതിക്കാ
എന്റെ സർവ്വാന്തരംഗവുമെ അവനെ വാഴ്ത്താം } 2
അവൻ ചെയ്ത എല്ലാ ഉപകാരങ്ങൾക്കും
നന്ദിയോടെ എന്നും സ്തുതിച്ചീടാം } 2

ഒരു കണ്ണിനും കനിവില്ലാതെ
വഴിയരികിൽ ഞാൻ കിടന്നപ്പോൾ
കരുണ തോന്നി കരം പിടിച്ചു
മരണത്തിൽ നിന്നെന്നെ വിടുവിച്ചല്ലോ } 2
എൻ മനമെ...1
അവൻ ചെയ്ത...1

നാശകരമായ കുഴിയിൽ നിന്നും
കുഴഞ്ഞ ചേറ്റിൽ നിന്നും കരകയറ്റി
ക്രിസ്തു എന്ന പാറമേൽ നിറുത്തിയതാൽ
കർത്താവിന്റെ സ്നേഹം പാടിടും ഞാൻ } 2
എൻ മനമെ...2
അവൻ ചെയ്ത...2

## 13

യഹോവതന്റെ സന്നിധിയിൽ ഞാൻ പറഞ്ഞുപോയി
പിറകോട്ടുമാറുവാനെനിക്കു സാദ്ധ്യമല്ലിനി } 2 } 2

എന്റെ താഴ്ച്ച തന്നിൽ എന്നെ ഓർത്തവൻ നീ
എന്റെ നിന്ദയെല്ലാം മാറ്റി എന്നെ പോറ്റി } 2
നന്ദിച്ചൊല്ലിത്തീർപ്പാൻ സാദ്ധ്യമല്ലെനിക്ക്
സ്തോത്ര ഗാനമെന്റെ നാവിൽ നൃത്തമാടി } 2
യഹോവ...1

നിന്ദപരിഹാസം പഴിദുഷികളെല്ലാം
എന്റെ നേരെ ദുഷ്ട - വൈരിയാഞ്ഞെറിഞ്ഞു } 2
സുമസമാനമെല്ലാ - മെന്റെ മേൽപ്പതിഞ്ഞു
സകലവുമെൻ നന്മയ്ക്കായവൻ തീർത്തു } 2

യഹോവ...1

മഹിമ കണ്ട സാക്ഷി ദുരിതമെല്ലാമെന്റെ
നാഥനേറ്റ പീഡയോർക്കുകിൽ നിസ്സാരം } 2
നിത്യതേജസ്സാണെൻ ചിന്തയിൽ തെളിഞ്ഞു
ആയതേക ലക്ഷ്യമെന്റെ ജീവിതസായൂജ്യം
യഹോവ...1

ഒരു ദിനമെന്നേശു നാഥനീയുലകിൽ
വരുമതിന്നാശാ ദീപമെന്നിൽ മിന്നി } 2
വിശുദ്ധിയെത്തികച്ചും വേലയെത്തികച്ചും
ഞാനൊരുങ്ങി നില്ക്കും അന്നുഞാനും പറക്കും } 2

യഹോവ...2

# ശാന്തിഗീതങ്ങൾ
# 2008

## 1

യേശുരാജൻ വരവേറ്റം സമീപം
ആനന്ദം പ്രീയരെ- പ്രിയ യേശുരാജൻ

പാപവും ശാപവും ആകവേയും തീർക്കുവാൻ - 2
പാപികളാം നമുക്കായ് പാരിതിൽ വന്നവൻ - 2
പരമസുതൻ (2)
യേശുരാജൻ.....1

കാൽവറി മലമുകൾ കരഞ്ഞു ജീവൻ വെടിഞ്ഞവൻ - 2
പാതാളെ പോയവൻ ദിനം മൂന്നിലുയർത്തവൻ - 2
സ്വർഗ്ഗേ പോയവൻ - 2
യേശുരാജൻ....1

ആർപ്പോടും കാഹള ധ്വനിയോടും താൻ മേഘത്തിൽ - 2
സ്വർഗ്ഗേ നിന്നിറങ്ങും മദ്ധ്യാകാശം തന്നിൽ - 2
മണവാളനായ് - 2
യേശുരാജൻ....1

പൂർണ്ണരായ് പ്രീയനേപ്പോൽ ഇഹത്തിൽ ജീവിച്ചിരുന്നവർ
പൂർണ്ണശോഭയോടെ സീയോനിൽ വാഴുമെ - 2
പ്രിയനുമായി - 2
യേശുരാജൻ....1

## 2

ശാന്തിയിൻ ദൂതുമായ് ധീരമായ് പോരാടിടാം
സൈന്യവീരൻ യേശുനാഥൻ മുൻപിലുള്ളതാൽ } 2
അലരിവൃക്ഷക്കൊമ്പിൽ നിന്നും എടുക്കുക നിൻ കിന്നരം
വീണ്ടെടുപ്പ് പ്രാപിച്ച വിശുദ്ധ ജനമെ } 2
ശാന്തിയിൻ....2

പാപത്തിൻ അടിമയിൽ പതിച്ചിടും പതിതരെ
നിരാശ ഭയ വ്യാധിയാൽ ചകിതരായോർക്കായ് } 2
പോയിടാം നാം ഓതിടാം രക്ഷയിൽ സുവാർത്തയെ
നേടിടാം ആത്മാക്കളെ സ്നേഹനാഥനായ് } 2
ശാന്തിയിൻ....2

പിൻതിരിഞ്ഞു നോക്കേണ്ടാ മുൻപിലുണ്ടു നായകൻ
പിൻപെ പോയിടുക നീ പാരിടത്തിൽ ധൈര്യമായ് } 2
പോർക്കള മേടുകളെ അനായാസെ കടക്കുവാൻ
ധരിക്കുക സർവ്വായുധങ്ങൾ വിജയം നിശ്ചയം } 2
ശാന്തിയിൻ....2

കഷ്ടനഷ്ടശോധനകൾ ഏതുമില്ലെന്നോർക്കുക
സ്വജീവനെ ത്യജിച്ചുകൊണ്ടീശനെ സ്മരിക്കുകിൽ } 2
നല്ല യുദ്ധ സേവ ചെയ്തു ഓട്ടം തികച്ചീടുക
നീതിമാനാം ദൈവം നീതിയിൻ കീരിടം നൽകിടും } 2

ശാന്തിയിൻ....2
അലരി....2
ശാന്തിയിൻ....2

**3**

എഴുന്നെള്ളുന്നു രാജാവെഴുന്നെള്ളുന്നു
നാകലോക നാഥനീശോ എഴുന്നെള്ളുന്നു
മാനവർക്കു വരം തൂകി എഴുന്നെള്ളുന്നു } 2

ബേത്‌ലഹേമിൽ വന്നുദിച്ചൊരു കനകതാരം
യൂദയായിൽ കതിരു വീശിയ പരമദീപം } 2
ഉന്നതത്തിൽ നിന്നിറങ്ങിയ ദിവ്യഭോജ്യം
മന്നിടത്തിനു ജീവനേകിയ സ്വർഗ്ഗഭോജ്യം

എഴുന്നെള്ളുന്നു....1

കാനായിൽ വെള്ളം വീഞ്ഞാക്കിയവൻ
കടലിന്റെ മീതെ നടന്നുപോയവൻ } 2
മൃതിയടഞ്ഞ മാനവർക്കു ജീവനേകി
മനമിടിഞ്ഞ രോഗികൾക്കു സൗഖ്യമേകി

എഴുന്നെള്ളുന്നു....1

മഹിതലെ പുതിയ മലരുകൾ അണിഞ്ഞീടുവിൻ
മനുജരെ മഹിതഗീതികൾ പൊഴിഞ്ഞീടുവിൻ } 2
വൈരവും പകയുമെല്ലാം മറന്നീടുവിൻ
സാദരം കൈകൾ കോർത്തു നിരന്നീടുവിൻ

എഴുന്നെള്ളുന്നു....2

**4**

ഈ ലോകത്തിൽ കഷ്ടതകൾ പെരുകിയാലും
ഈ ലോകത്തിൽ ദുഃഖങ്ങൾ തളർത്തിയാലും
വിലാപങ്ങളെ നൃത്തമാക്കിടും നാഥൻ
നിത്യതയോളവും വഴിനടത്തും } 2

ഹാലേലൂയ്യാ ഹാലേലൂയ്യാ...............2
രാജാധിരാജന് സ്തോത്രം
ദേവാദിദേവന് സ്തോത്രം } 2

നിന്ദ പരിഹാസം ദുഃഖം മുറവിളികൾ
ശത്രു നിനക്കായ് ഒരുക്കിടും വേളകളിൽ } 2
കലങ്ങരുതേ മനം പതറരുതേ.....................2
ശത്രുവെ ജയിച്ചവൻ കൂടെയുണ്ട്
ലോകത്തെ ജയിച്ചവൻ കൂടെയുണ്ട് } 2

ഹാലേ.....രാജാധി........

ലോകം നിനക്കെതിരായ് വിധി എഴുതിയാലും
എല്ലാം തകർന്നു എന്ന് ജയം മുഴക്കിയാലും } 2
കൃപാ കൃപാ എന്നാർത്തിടുകിൽ..................2
ലോകത്തിൻ വിധിയെ തിരുത്തിടാം
ജയത്തിൻ കൊടിയെ ഉയർത്തിടാം } 2

ഹാലേ..........രാജാധി
ഈ ലോകത്തിൽ
ഹാലേ...........രാജാധി

**5**

എല്ലാ നാമത്തിലും മേലായ നാമം
യേശുവിന്റെ നാമമെത്ര വലിയ നാമം } 2

യേശുവിന്റെ നാമത്തിൽ അനുഗ്രഹം
യേശുവിന്റെ നാമത്തിൽ അതിശയം
യേശുവിന്റെ നാമത്തിൽ സൗഖ്യം
യേശുവിന്റെ നാമത്തിൽ വിടുതൽ } 2

എല്ലാ നാളിലും നാം ആശ്രയം വച്ചിടുവാൻ
യേശുവിന്റെ നാമം അതിശയനാമം } 2

യേശുവിന്റെ നാമത്തിൽ വിജയം
യേശുവിന്റെ നാമത്തിൽ ശക്തി
യേശുവിന്റെ നാമത്തിൽ രക്ഷ
യേശുവിന്റെ നാമത്തിൽ സമാധാനം } 2

എല്ലാ നേരത്തിലും ഘോഷിച്ചിടുവാനായ്
യേശുവിന്റെ നാമമെത്ര ഉന്നതനാമം } 2

യേശുവിന്റെ നാമത്തിൽ മോക്ഷം
യേശുവിന്റെ നാമത്തിൽ ആനന്ദം
യേശുവിന്റെ നാമത്തിൽ ആശ്രയം
യേശുവിന്റെ നാമത്തിൽ അത്ഭുതം } 2

എല്ലാ നാമത്തിലും....2
യേശുവിന്റെ....2

**6**

ശാലേം പുരെ ചെന്നു ചേരുന്ന നാൾ ഹാ!
എത്ര മോദമേ
താതനൊരുക്കുന്ന വിശ്രമ വീട്ടിൽ ഞാൻ
എന്നു ചേരുമോ } 2

കണ്ണുനീരില്ലവിടെ ദുഃഖ വിലാപങ്ങളുമില്ലങ്ങ്....2
നിത്യയുഗമുള്ള സന്തോഷ നാളിനായ്
ഉള്ളമോ വാഞ്ചിക്കുന്നേ
ഞാൻ യാഹെ സ്തുതിച്ചിടുമെ } 2

ശാലേം പുരെ.........1

വേല തികച്ച ശുദ്ധർ പൊൻ കിരീട ധാരികളായ്.............2
സാക്ഷികളായി എന്റെ ചുറ്റും
പൊൻചിറകു വീശിപ്പറന്നു പാടി
ഞാൻ യാഹെ സ്തുതിച്ചിടുമെ } 2

ശാലേം പുരെ.........2

**7**

എനിക്കൊരു ദൈവമുണ്ട് പ്രാർത്ഥന കേൾക്കാൻ
കനിവുള്ള കർത്തനുണ്ട് അനുഗ്രഹം നൽകാൻ } 2
എനിക്കൊരു യേശുവുണ്ട് സ്നേഹം നൽകിടാൻ
കരുതുന്ന കർത്തനെല്ലാം സാദ്ധ്യമാക്കിടും } 2

എന്റെ ദൈവത്താലെല്ലാം സാദ്ധ്യം.................2
കാഴ്ചയാലെയല്ലാ വിശ്വാസത്താൽ
എന്റെ ദൈവത്താലെ അനുഗ്രഹം

കാഴ്ചയാലെ നാം നേടുന്നതോ
താൽക്കാലികങ്ങളായ നേട്ടം
വിശ്വാസത്താലെ നാം പ്രാപിക്കുന്നതോ
നിത്യതേജസ്സിന്റെ ഘനം } 2

എന്റെ ദൈവ...2

ലോത്തു കണ്ടത് നീരോട്ടമുള്ളത്
ശാപത്തിന്റേതായ് പിന്നെ മാറി
വിശ്വസിച്ചപ്പോൾ അബ്രഹാമിന്
ആശിച്ച കനാൻ ദൈവം നൽകി } 2

എന്റെ ദൈവ....
എനിക്കൊരു....2
എന്റെ ദൈവ.....

**8**

നിന്റെ കൃപ എനിക്കു മതി യേശുവെ
എന്നാളും ഈ ഉലകിൽ
നിന്റെ കൃപ എനിക്കു മതി യേശുവെ
എന്നാളും ഈ മരുവിൽ

എനിക്കു നിൻ കൃപ മതി കൃപ മതിയെ
അക്കരെ ഞാൻ എത്തുവോളവും } 2

നിന്റെ കൃപ....1

കൃപയിൻ ഉറവെ കനിവിൻ നിറവെ
കരുണ നിറഞ്ഞവനെ } 2
കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
നിന്റെ കൃപ മതി എനിക്ക് } 2

എനിക്ക് കൃപ....1
നിന്റെ കൃപ....1

കരുതുന്നവനെ കാക്കുന്നവനെ
കരളലിയുന്നവനെ } 2
രോഗങ്ങൾ വന്നാലും ദുഃഖങ്ങൾ വന്നാലും
നിന്റെ കൃപ മതി എനിക്ക് } 2

എനിക്കു നിൻ....1
നിന്റെ കൃപ....1

മാറാത്തവനെ മയങ്ങാത്തവനെ
മാറ്റമില്ലാത്തവനെ
പഴിദുഷി വന്നാലും നിന്ദ പീഢ വന്നാലും
നിന്റെ കൃപ മതി എനിക്ക് } 2

നിന്റെ കൃപ ....1
എനിക്കു നിൻ....2
നിന്റെ കൃപ ....1